


*"To be a model family fellowship based on spirituality, heritage, kinship & love"*

# AFF NEWS LETTER

## ALUNKAL FAMILY FELLOWSHIP
## KANDANAD

(for private circulation among the members only)
(Reg.No.ER184/08)

Website: www.alunkal.com    Email: info@alunkal.com
Vol. 10, No.2    September 2018

## *Presidential Column:*

Family Fellowship is a unique collective identity, based on blood relationship. Each individual family in the group acts as a building block to raise the family organizational structure. The Family Fellowship acts as a roof and offer protection to the house as a whole. One should be aware of and be very clear of this unique family identity and calibrate their deeds, to promote harmony within this entity.

When we observe the track record of our organization, from the time of its inception till date, we have every reason to be proud of our performance, which may even be rated as exceptional. It is not my intention here to display the growth chart of our organization, which has already been projected on appropriate occasions in the past. We have also been very careful to positively address the issues that would have adversely affected our organization. We will continue to tread the safe pathway.

Of late, we have been contacted by some groups of families, bearing similar surname as of ours. We have positively responded to such enquiries to ascertain the veracity of such links. All of us are aware of the limitations and constrains of our Family History. Therefore, whenever some prospective queries come in, it is our responsibility to utilize such opportunities for further exploration of our family links. We certainly stand to gain from such interactions. In this context, I urge all our family members to take a proactive role in updating our family links- without compromising our unique identity.

**Dr. A.C. Paul**

## എഡിറ്റോറിയൽ

### പ്രളയം എന്ന മഹാദുരന്തം

കേരളം എന്നറിയപ്പെടുന്ന നമ്മുടെ ഈ കൊച്ചു സംസ്ഥാനം ഡെക്കാൻ പീഠഭൂമിയുടെ ഒരു ഭാഗമായി കണക്കാക്കപ്പെടുന്നു. ഭൂഖണ്ഡങ്ങളുടെ നിരന്തരമായ നീക്കങ്ങളിലൂടെ വിന്ധ്യാപർവ്വതനിരകളുടെ തെക്കൻ ചെരിവിലേയ്ക്ക് ലയിക്കപ്പെട്ട ഈ പ്രദേശത്തിന്റെ തെക്കുപടിഞ്ഞാറൻ തീരമാണ് നമ്മുടെ സംസ്ഥാനം. പശ്ചിമഘട്ട മലനിരകളിലൂടെയുള്ള നീരൊഴുക്ക് ഈ സംസ്ഥാനത്തെ സംപുഷ്ടമായി നിലനിർത്തുന്നു. ഇത്രയും വിവരിച്ചതിൽനിന്നും പ്രകൃതിയുടെ ഒരു അപൂർവ്വ വരദാനമാണ് നമ്മുടെ കൊച്ചു കേരളമെന്ന്

മനസ്സിലാക്കാനാവുമല്ലോ. അതുകൊണ്ടുതന്നെയാണ് നമ്മുടെ സംസ്ഥാനം ഏറെ പ്രകൃതിലോലമാണെന്ന് കണക്കാക്കപ്പെടുന്നത്. സാധാരണയായി കാലവർഷം നമ്മുടെ നാട്ടിൽ ഉണ്ടാവുന്നത് ജൂൺമുതൽ ഓഗസ്റ്റ് മാസംവരെയാണ്. ഇക്കാലഘട്ടങ്ങളിൽ പലപ്പോഴും മലയിടിച്ചിൽ, ഉരുൾപൊട്ടൽ, ശക്തമായ നീരൊഴുക്ക്, വെള്ളപ്പൊക്കം എന്നീ പ്രതിഭാസങ്ങൾ ഉണ്ടാവാറുണ്ട്. പക്ഷെ, സാധാരണയിൽനിന്നും വ്യത്യസ്ഥമായി ഒരു വലിയ പ്രളയം 1924ൽ ഇവിടെ ഉണ്ടായതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആ പ്രളയകാലത്ത് പുരയിടങ്ങളിൽക്കൂടിയുള്ള യാത്ര വലിയ കെട്ടുവള്ളങ്ങളിൽ ആയിരുന്നുവത്രെ! അടുത്തകാലത്തായി ഉണ്ടായ പ്രളയം വലിയ നാശനഷ്ടങ്ങളാണ് ഈ നാടിന് വരുത്തിവച്ചിരിക്കുന്നത് എന്ന് പത്രമാദ്ധ്യമങ്ങളിലൂടെ എല്ലാവരും അറിഞ്ഞിരിക്കുമല്ലോ. ഈ പ്രളയം ഉണ്ടാക്കിയ നാശനഷ്ടങ്ങൾ, ജീവഹാനി, ദുരനുഭവങ്ങൾ എന്നിവയുടെ കണക്കെടുപ്പുകൾ ഇനിയും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. നമ്മുടെ കുടുംബാംഗങ്ങളും ഈ പ്രളയ ദുരിതാനന്തര പ്രവർത്തനങ്ങളിൽ പങ്കുചേർന്നു എന്നതിൽ അഭിമാനിക്കാം. വിദേശത്തുള്ള നമ്മുടെ കുടുംബാംഗങ്ങളും ഇതിൽ പങ്കാളികളാണ് എന്നതിലും നമുക്ക് ഏറെ അഭിമാനിക്കാം.

## നമ്മുടെ സഭ

**(റവ. ഡീക്കൺ അബ്രാഹം A. ആലുങ്കൽ, USA)**

നമ്മുടെ പൂർവികർ കൊടുങ്ങല്ലൂരിൽ നിന്നും കണ്ടനാട് കുടിയേറിപ്പാർത്ത ചരിത്രം എല്ലാ കുടുംബാംഗങ്ങൾക്കും അറിവുള്ളതാണല്ലോ. നമ്മുടെ കുടുംബാംഗങ്ങൾ തമ്മിൽ യാതൊരു സംസർഗ്ഗവും ഇല്ലാതിരുന്ന ഒരുകാലം ഉണ്ടായിരുന്നു. ഇപ്പോൾ ആലുങ്കൽ കുടുംബയോഗംവഴി വളരെ മാറ്റം സംഭവിച്ചിരിക്കുന്നു. ഇതിൽ പ്രവർത്തിക്കുന്ന ഭാരവാഹികൾ പ്രത്യേകിച്ച് ഡോ.എ.സി.പോൾ, അവിരാ വർഗ്ഗീസ്, ലില്ലി വർഗ്ഗീസ്, സാനുബ കുര്യൻ തുടങ്ങി അനേകം യുവതലമുറകൾ ആത്മാർത്ഥമായി പ്രവർത്തിക്കുന്നു എന്നുള്ളതാണ് സത്യം. ഇത് തുടരട്ടെ എന്ന് പ്രാർത്ഥിക്കുകയും ദൈവത്തിന്റെ ഏക സഭയായ യാക്കോബായ സഭയെ മനസ്സിലാക്കി ജീവിക്കുക എന്നുള്ളതുമാണ് ഉത്തമം. നമ്മുടെ കർത്താവ് യോഹന്നാൻ മാംദോനായിൽനിന്ന് ഏറ്റത് അഹറോന്യ ആചാര്യത്വം പഴയനിയമത്തിൽനിന്നും പുതിയ നിയമത്തിലേയ്ക്ക് പകർത്തുവാൻവേണ്ടിയാകുന്നു. നമ്മുടെ കർത്താവ് വി.പത്രോസ് ശ്ലീഹായോട് കല്പിച്ചത് നാം മനസിലാക്കണം. ' പത്രോസ്സേ നീ പാറയാകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ സ്ഥാപിക്കും' എന്നുള്ളതാണത്. എഡി 37ൽ അന്ത്യോഖ്യയിൽ വി. പത്രോസ് ശ്ലീഹ സഭ സ്ഥാപിച്ചതോടെ ഇത് സഫലമായി. പെന്തിക്കോസ്തനാൾ എല്ലാ ശിഷ്യന്മാരും വി. മർക്കോസിന്റെ മാളികയിൽവച്ച് പരിശുദ്ധാത്മാവിനെ പ്രാപിച്ചതിനുശേഷം എല്ലാ ശിഷ്യന്മാരും അന്തോഖ്യയിൽ ഒരുമിച്ചുകൂടി 15 വർഷകാലം സുവിശേഷിച്ചും, ദൈവത്തെ ആരാധിക്കുകയും ചെയ്തുപോന്നു. വി. യാക്കോബ്ശ്ലീഹാ സുറിയാനി ഭാഷയിൽ രചിച്ചതായ തക്സയാകുന്നു എല്ലാ ശ്ലീഹന്മാരും അനുകരിച്ചത്. ഈ ആരാധന ശ്ലീഹന്മാർ തുടങ്ങി ഇന്നേവരെ യാക്കോബായ സുറിയാനി സഭയിൽ തുടരുന്നു. നമ്മുടെ പൂർവ്വപിതാക്കന്മാർ മിക്കവരും ശ്ലീഹാന്മാരുടെ കുടുംബങ്ങളിൽനിന്നും ഉള്ളവരാകുന്നു എന്ന് നാം ഓർക്കണം. എത്രയോ പ.പിതാക്കന്മാർ മലങ്കരസഭാ മക്കളെ പ്രതി ഇന്ത്യയിലേയ്ക്ക് യാത്ര തിരിക്കുകയും, വന്യമൃഗങ്ങൾക്ക് ഇരയാകുകയും, കാലം ചെയ്യുകയുമുണ്ടായി. നമ്മുടെ കർത്താവ് വി. പത്രോസ് ശ്ലീഹായെ ഭാരമേൽപ്പിച്ച സഭയാകുന്നു യാക്കോബായ സുറിയാനിസഭ എന്ന് എല്ലാ കുടുംബാംഗങ്ങളും ഓർക്കുകയും അവരുടെ ജീവിതം ദൈവത്തിന് സമർപ്പിക്കുകയും ചെയ്യുക. ദൈവത്തെ മഹത്വപ്പെടുത്തുന്നു. ചുരുക്കുന്നു.

എല്ലാ ആലുങ്കൽ കുടുംബാംഗങ്ങൾക്കും എന്റെ ആശംസകൾ......

# <u>മരണാനന്തരാവസ്ഥ</u>

**(ഏലിയാസ് അബ്രാഹം)**

എന്താണ് മരണം? മതചിന്തകരും ദാർശനികരുംമരണത്തെ നിർവചിക്കാനും വ്യാഖ്യാനിക്കാനും ശ്രമിച്ചിട്ടുള്ളതാണ്. പൊതുവെ പറഞ്ഞാൽ ആത്മാവും ശരീരവും തമ്മിൽ വേർപിരിയുന്ന അവസ്ഥയാണ് മരണം. അതായത് ശരീരം പഴയ പൊടിയിലേയ്ക്ക് വന്നുചേരും. ആത്മാവ് ഉടയവനായ ദൈവത്തിങ്കലേയ്ക്ക് മടങ്ങിച്ചെല്ലും.

വി. യോഹന്നാൻ 11:25ൽ കർത്താവായ യേശുക്രിസ്തു ഇപ്രകാരം അരുളിച്ചെയ്യുന്നു. ' ഞാൻ തന്നെ പുനരുത്ഥാനവും, ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും' ലാസറിന്റെ മരണ ഭവനത്തിൽവച്ചാണ് കർത്താവ് ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നത്. ആയതു മരണത്തോടെ എല്ലാം അവസാനിക്കുന്നില്ല പുനരുത്ഥാനത്തിലൂടെ നിത്യജീവനിലേയ്ക്ക് നാം മാറ്റപ്പെടുന്നു. ഒരിക്കൽ സൺഡെ സ്കൂളിൽ പഠിക്കുന്ന കുട്ടി അവിടെത്തെ അദ്ധ്യാപകനോട് മരണാനന്താരാവസ്ഥയെക്കുറിച്ച് വളരെ ഉത്കണ്ഠയോടുകൂടി സംശയങ്ങൾ ചോദിച്ചു. അതിനുത്തരമായി അദ്ധ്യാപകൻ ഇങ്ങനെ പറഞ്ഞു. ' നാം എല്ലാവരും അമ്മയുടെ ഉദരത്തിൽ 280 ദിവസംവരെ കഴിഞ്ഞവരാണ്. ഈ വാസത്തിനൊടുവിൽ അമ്മ ഒരുദിവസം വളരെ വേദനയോടെ നമ്മെ പ്രസവിക്കുന്നു. കുട്ടിയുടെ ജനനത്തിൽ പിതാവും ഉറ്റവരും ഏറെ സന്തോഷിക്കുന്നു. എന്നാൽ അമ്മയുടെ ഉദരത്തിൽനിന്ന് കരഞ്ഞുകൊണ്ടാണ് കുട്ടി ഈ ലോകത്തിലേയ്ക്ക് കടന്നുവരുന്നത്. പിന്നീട് മാതാപിതാക്കളുടെയും ഉറ്റവരുടെയും സ്നേഹോഷ്മളമായ പെരുമാറ്റം കുട്ടിക്ക് സന്തോഷം പകരുന്നു. ഏതാണ്ട് ഇതെ പകർപ്പാണ് മനുഷ്യന്റെ മരണാനന്തരവസ്ഥയും. ഈ ലോകത്ത് അതായത് ഭൂമിയിൽ പാർക്കുന്ന നാം ഒരുദിവസം ഇവിടംവിട്ട് നിത്യവാസയോഗ്യമായ സ്വർഗ്ഗത്തിലേയ്ക്ക് പോകേണ്ടവരാണ്. അവിടെ നമ്മെ സ്വീകരിക്കുവാൻ കരുണാമയനായ സ്വർഗ്ഗീയപിതാവും നമ്മുടെ രക്ഷിതാവായ യേശുമിശിഹായും, വിശുദ്ധന്മാരും, നമ്മുടെ വാങ്ങിപ്പോയ മാതാപിതാക്കളും നമ്മെക്കാത്ത് ഉണ്ടാവും. ഇത്രയും പറഞ്ഞ് നിർത്തിയപ്പോൾ മരണാവസ്ഥയെകുറിച്ച് കുട്ടിക്കുണ്ടായ ഭയം മാറി. കർത്താവായ യേശുക്രിസ്തു നമ്മളോട് അരുൾ ചെയ്തിരിക്കുന്നത് ഇപ്രകാരമാണ്. ഞാൻ നിങ്ങൾക്ക് വാസസ്ഥലം ഒരുക്കാൻവേണ്ടിയാണ് പോകുന്നത്. (വി.യോഹന്നാൻ 14:2) ഈ ലോകത്തിൽനിന്നുള്ള വേർപാട് സങ്കടമാണെങ്കിൽക്കൂടിയും, നാം സ്വർഗ്ഗീയ പിതാവിന്റെ തിരുസന്നിധിയിലെത്തുമ്പോൾ യഥാർത്ഥ സന്തോഷം അനുഭവിക്കുന്നു. ലാസറിന്റെ ഉയിർത്തെഴുന്നേൽപ്പിലൂടെ യേശു നമ്മെ പഠിപ്പിക്കുന്നതും തന്നിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ലഭിക്കും എന്നുള്ളതാണ്. എന്നാൽ മരണം എന്നുള്ളത് എല്ലാത്തിന്റെയും പര്യവസാനമല്ല, പ്രത്യുതാ വീണ്ടുമൊരു ആത്മീയ ജീവിതത്തിന്റെ തുടക്കം മാത്രമാണ്. നമ്മുടെ സമൂഹത്തിൽ ഇന്ന് ആത്മഹത്യാനിരക്ക് ഏറ്റവുമധികം ഉയർന്നുവരികയാണ്. അതിന്റെ പിന്നിലെ ചേതോവികാരം മരണത്തോടെ എല്ലാം അവസാനിക്കുന്നു എന്ന തോന്നലാണ്. എന്നാൽ തിരുവചനത്തിൽ ഇപ്രകാരം പറയുന്നു. 'ഒരു മനുഷ്യൻ സർവ്വലോകം നേടിയിട്ടും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം'? ജീവിതത്തിലെ ബദ്ധപ്പാടുകൾ, നിഷേധാത്മകമായ സാഹചര്യങ്ങൾ, തീരാരോഗങ്ങൾ സാമ്പത്തിക പ്രതിസന്ധി എന്നിവ മനുഷ്യന് സഹിക്കാവുന്നതിൽ അപ്പുറത്താണ്. കർത്താവ് അരുൾ ചെയ്യുന്നത് തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കുക എന്നാണ്. ജീവിതത്തിലെ നിഷേധാത്മകമായ ക്രൂശിനെ വഹിക്കാതെ ഉയിർപ്പിന്റെ മഹത്വം നമുക്ക് കരഗതമാകില്ല.

വി. പൗലോസ് മരണാനന്തരാവസ്ഥയെക്കുറിച്ച് വിവരിക്കുന്നത് ഇപ്രകാരമാണ്. ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു. അപ്പോൾ മുഖാമുഖമായി കാണും. ഇപ്പോൾ ഞാൻ അംശമായി അറിയുന്നു. അപ്പോഴോ ഞാൻ അറിയപ്പെട്ടതുപോലെ അറിയുന്നു(1 കൊരന്തി. 13:12) സമകാലിക പ്രൊട്ടസ്റ്റന്റ് സഭാവിഭാഗങ്ങൾ പരേതർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് വേദവിപരീതമാണെന്ന് പഠിപ്പിക്കുന്നു. എന്നാൽ ലാസറിന്റെ ഉയിർപ്പിലൂടെ യേശുക്രിസ്തു പഠിപ്പിക്കുന്നതും നിദ്ര പ്രാപിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കണം എന്നുള്ളതാണ്. ഇങ്ങനെയുള്ള

പ്രാർത്ഥനയുടെ ഫലമാണ് മാർത്തയ്ക്കും മറിയയ്ക്കും ദൈവീകമഹത്വം കാണാൻ ഇടവന്നത്. ഈ അവസ്ഥയെ ഉൾക്കൊണ്ടുതന്നെയാണ് വി.പൗലോസ് ഇപ്രകാരം പറയുന്നത് "നിദ്രകൊണ്ടവരെക്കുറിച്ച് അറിവില്ലാതിരിക്കരുത്" (തെസ. 4:18)

ആയതുകൊണ്ട് വാങ്ങിപ്പോയ മാതാപിതാക്കളെയും സഹോദരങ്ങളെയും നമ്മുടെ ആരാധനകളിലും, വി. കുർബാനയിലും നാം സ്മരിക്കുന്നു. എന്തുകൊണ്ടെന്നാൽ അവർ നിദ്രയിലാണ് "പിതാവ് മരിച്ചവരെ ഉണർത്തി ജീവിപ്പിക്കുന്നതുപോലെ പുത്രനും താൻ ഇച്ഛിക്കുന്നവരെ ജീവിപ്പിക്കുന്നു" (വി. യോഹ. 5:21)

അവസാനമായി ഒന്നുകൂടെ ഓർമ്മിപ്പിച്ചോട്ടെ. നമ്മുടെ ജീവിതത്തിലെ സുനിശ്ചിതമായ ഒന്നാണ് മരണം. എന്നാൽ മരണം എല്ലാറ്റിന്റെയും പര്യവസാനമല്ല. പ്രത്യാശയിലൂടെ നിത്യജീവൻ പ്രാപിക്കേണ്ടവരാണ് നാം. സുറിയാനി സഭയിലെ വിശ്വാസപ്രമാണം നാം ചൊല്ലി അവസാനിപ്പിക്കുന്നത് ഇപ്രകാരമാണ് 'വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി നോക്കിപ്പാർക്കുന്നു' അങ്ങിനെ പ്രത്യാശയിലൂടെ മരണാനന്തരാവസ്ഥയെ പുൽകുന്നവരാണ് നാം. ഇപ്രകാരമുള്ള പ്രത്യാശ ദൈവം നമുക്ക് ഓരോരുത്തർക്കും നൽകട്ടെ എന്ന് ആശംസിച്ചുകൊണ്ട് നിറുത്തട്ടെ.

ദൈവത്തിന് മഹത്വം.

# സങ്കീർത്തനങ്ങളിൽ അടങ്ങിയിരിക്കുന്ന ചില പ്രപഞ്ചസത്യങ്ങൾ

(തുടർച്ച....)

**(ഡോ. എ.സി.പോൾ)**

നിത്യപ്രാർത്ഥനകളിൽ, പലഘട്ടങ്ങളിലും , കർതൃസൃഷ്ടിയായ ഈ പ്രപഞ്ചത്തെക്കുറിച്ച് ഏറെ പരാമർശങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. അവയിൽ ചിലതുമാത്രം താഴെ ഉദ്ധരിക്കുന്നു. പാതിരാത്രിയുടെ പ്രാർത്ഥന : ആദിത്യചന്ദ്രൻന്മാരെ അവനെ സ്തുതിപ്പിൻ.... പ്രകാശമുള്ള സകല നക്ഷത്രങ്ങളുമേ, അവനെ സ്തുതിപ്പീൻ' സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവയുൾപ്പെടെ ആകാശവിതാനത്തുള്ള എല്ലാ വസ്തുക്കളെയും ഇവിടെ പരാമർശിക്കുന്നു. 'പ്രകാശമുള്ള സകല നക്ഷത്രങ്ങളും' എന്ന വിവക്ഷകൊണ്ട് 'പ്രകാശമില്ലാത്ത വസ്തുക്കളും ആകാശത്തുണ്ട്' എന്ന ധ്വനിക്കും ഇവിടെ പ്രസക്തിയുണ്ട്. തമോഗർത്തം (Black hole) എന്ന വസ്തു ആധുനിക ശാസ്ത്രത്തിന്റെ ഏറ്റവും പുതിയ അറിവാണ്. 'ആകാശങ്ങളുടെ ആകാശങ്ങൾ ......... അവയ്ക്കു മീതെയുള്ള വെള്ളങ്ങൾ' എന്നിങ്ങനെ വിവരിക്കപ്പെടുന്ന വേദഭാഗങ്ങൾ ആധുനിക ശാസ്ത്രം രൂപപ്പെടുന്നതിന് എത്രയോ നൂറ്റാണ്ടുകൾ മുൻപ് നിർവചിക്കപ്പെട്ടവയാണ് !

നമ്മുടെ പ്രഭാതപ്രാർത്ഥനയിൽ 'പ്രകാശത്തിന്റെ സൃഷ്ടാവിന് സ്തുതി............' എന്ന് തുടങ്ങുന്ന 113ാം മസ്മുറയിൽ പ്രപഞ്ചസത്യങ്ങളുടെ ഒരു കലവറതന്നെയുണ്ട്!. 'സൂര്യന്റെ ഉദയം മുൽ അതിന്റെ അസ്തമയം വരെ .............' യെന്നുള്ള പരാമർശംകൊണ്ട് സൂര്യന് 'അസ്തമയം' ഇല്ല എന്ന ശാസ്ത്രസത്യം വ്യക്തമാകുന്നതാണ്. 'അവൻ പറഞ്ഞു അവ ഉണ്ടായി' എന്നതിൽനിന്ന് 'വചനം ജഢമെടുത്തു' എന്ന ദിവ്യാനുഭവത്തിന് നമ്മൾ സാക്ഷ്യം വഹിക്കുന്നവരാണല്ലോ.

'പർവ്വതങ്ങളും, സകല കുന്നുകളും, ഫലവൃക്ഷങ്ങളും ............ മൃഗങ്ങളും, സകല കന്നുകാലികളും, ഇഴജന്തുക്കളും, പക്ഷികളും, പറവകളുമേ.......' എന്ന് ഉദ്ധരിക്കപ്പെടുന്ന സങ്കീർത്തനഭാഗങ്ങളിൽ ആധുനിക ശാസ്ത്രവും, നിഗമനങ്ങളും, കണ്ടെത്തലുകളും എല്ലാം എത്രയോ നൂറ്റാണ്ടുകൾക്ക് മുൻപേതന്നെ വെളിപ്പെട്ടവയാണെന്ന് ഓരോ വിശ്വാസിയും മനസ്സിലാക്കേണ്ടതാണ്.

NB: വളരെ ഗഹനവും എന്നാൽ ഏറെ ലളിതവുമായ ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുവാൻ കുടുംബാംഗങ്ങളെ, പ്രത്യേകിച്ചും യുവതലമുറയെ ക്ഷണിക്കുന്നു.

## Rev. Fr. A.V.Abraham Memorial Educational Endowment



നമ്മുടെ സംഘടനയുടെ പ്രവർത്തനാരംഭം മുതൽ ഏർപ്പെടുത്തിയിരിക്കുന്ന Endowment ന് ഈ വർഷം അർഹയായത് കണ്ടനാട് St.Mary's Sunday School ലെ അദ്ധ്യാപികയും സൺഡെ സ്കൂളിലെ തന്നെ പ്ലസ്ടു വിദ്ധ്യാർത്ഥിനിയുമായ ശ്രീമതി ഷിജ കുര്യൻ ആണ്. വി.ദേവാലയത്തിലെ പ്രധാന പെരുന്നാൾ, ആഗസ്റ്റ് 15ന്, ബ: ഇടവക വികാരി Rev.Fr.Shaji Meppadath അവർകളാണ് പ്രസ്തുത പുരസ്കാരദാനം നിർവഹിച്ചത്.

ശ്രീമതി ഷിജ കുര്യന് AFF എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു.

## ജൈവകൃഷി പുരസ്ക്കാരം

പരമ്പരാഗതമായ കൃഷിരീതികളിൽ വലിയ മാറ്റങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ് ഇപ്പോൾ. ജൈവകാർഷിക വിളകളുടെ ഉത്പാദനം ലക്ഷ്യമാക്കി നാട്ടിൽ പലയിടത്തും 'ജൈവ ഉദ്യാനങ്ങൾ' (Organic Farms) ആരംഭിച്ചിട്ടുണ്ട്. ഉദയംപേരൂർ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന കൂട്ടുകൃഷി (Cluster Farming)ന് നേതൃത്വം നൽകുന്നത് നമ്മുടെ കുടുംബാംഗമായ ശ്രീ. മോൺസി മത്തായി അവർകൾ ആണ്. അദ്ദേഹം നടത്തിവരുന്ന പ്രവർത്തനങ്ങളുടെ അംഗീകാരമായി ബഹു. പഞ്ചായത്ത് പ്രസിഡന്റിൽനിന്നും 'ഏറ്റവും നല്ല കർഷകനുള്ള പുരസ്കാരം' ഏറ്റുവാങ്ങുന്ന ദൃശ്യം മാധ്യമങ്ങളിലൂടെ പലരും കണ്ടുകാണുമല്ലോ.

ഈ മേഖലയിൽ കൂടുതൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുവാൻ ശ്രീ.മോൻസിക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നതിനോടൊപ്പം കൂടുതൽ കുടുംബാംഗങ്ങൾ ഇത്തരം പ്രവർത്തനങ്ങളിലേയ്ക്ക് കടന്നു വരട്ടെയെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു.

## Obituary

ആലുങ്കൽ പടിഞ്ഞാറേതുരുത്തേൽ, പരേതനായ ശ്രീ. എ.വി. രാജുവിന്റെ സഹധർമ്മിണി, ശ്രീമതി ബേബിരാജൻ 24.08.2018ൽ നിര്യാതയായി. മൃതദേഹം കണ്ടനാട് വി. മാർത്തമറിയം കത്തീഡ്രൽ സിമിത്തേരിയിൽ സംസ്ക്കരിച്ചു. പരേത റാക്കാട് വെള്ളാംകണ്ടത്തിൽ കുടുംബാംഗമാണ്. മകൻ : അരുൺരാജ്, മരുമകൾ : മിൽഡ. പരേതയുടെ ആത്മാവിന് നിത്യശാന്തി നേരുന്നു.

# HOW TO CONTRIBUTE TO THE SOCIETY AND ENVIRONMENT

**James Thomas A.**

Many people assume that contribution to the society and environment is the responsibility of those who are already well settled in life and have nothing else to do. How wrong it is! It is the little drops of water that make the mighty ocean. Every person can make a difference to the society if one has the will to do so. One need not donate millions of rupees for this. Little acts of kindness, small changes in lifestyles and being a responsible part of the society will do this.  Here are few ways by which one can contribute to society and environment to make a difference.

- **Improve yourself**: By picking up our own life and being a productive member of the society, we will be contributing to community in a positive way. People with criminal tendency, addictions or other bad habits, often feed on the goodness around them, without giving back anything to the society. Therefore, the first step would be to improve oneself.

- **Improve social skills:** Be humble and polite. Negative emotions and bad attitude tend to create bad vibes that spreads around. By improving our social skills, we do a lot of good to the community.

- **Be a volunteer:** Keep some time aside for volunteering to help an old age home, disability centre or a hospital. It benefits us in a great way, because, the satisfaction that comes from helping others can be life changing.

- **Donate blood:** Shortage of blood has taken many a lives. We are not only saving the life of the person, but also have the benefits of our own blood being screened for infections like HIV, Hepatitis etc. If any life-threatening infection is seen, the donor will be informed by the doctors.

- **Promote family planning:** Population explosion is the major concern of our world at present.  Our planet may not be able to sustain larger numbers of human population for long. We can  keep our own family small and spread awareness on population control.

- **Drive with caution:** Be cautious and careful on the roads. It is not only our own life that is at stake, but the life of others as well. Reduce the number of deaths and injuries on the roadways by being aware of the safety rules. In addition, we can also spread awareness among the drivers, pedestrians and cyclists on  road safety.

- **Save fuel:** Walk or cycle whenever possible. This not only saves fuel and prevents harmful emissions, but is a wonderful exercise too. Keep  vehicles well serviced and the tyres properly inflated so that the lifespan and mileage of vehicle increase. Use mass transport system for commuting,as far as possible.

- **Save water:** Turn off the faucet while washing teeth. Don't turn shower on until we are ready to get in and wash. Limit water usage while washing the dishes.

- **Reduce, Reuse and Recycle:** We will do the society a huge favour by strictly following the 3 R's reduce, re-use and recycle. Remind ourself that we are contributing to the increasing pollution and destroying the environment by choosing disposable products, especially the carry bags. Use reusable products and save the environment. Also recycle the products as much as we can.

- **Save electricity:** Use energy-efficient light bulbs. They last longer, which will save money. Make sure we turn off lights, TV, and other appliances when not in use.

- **Promote use of Solar Power:** Nowadays, there are many household devices that are solar-powered, like solar chargers, solar lights and solar heaters. There are many more devices that are solar-powered. We may have solar panels to generate electricity for own needs.

- **Plant a tree:** With depleting forests and increasing pollution, planting trees will do a huge difference to our environment. The tree will absorb carbon dioxide during its life time. Don't cut trees unnecessarily.

- **Organic farming:** Organic farming is known to produce safe and healthy food. This is because organic farming does not use pesticides and other chemicals. It can also contribute to reduction of carbon dioxide in the atmosphere.

  Pesticides and other chemicals used in farming are produced in factories that dispose toxic waste to the environment. Organic farming discourages such destructive practices.

- **Reduce the use of toxic chemicals:** At home or at work, we may have been using products that are not environment-friendly, such as batteries and products that contain mercury, arsenic etc.

  These may cause contamination in the environment. To reduce such risk, there are products that are environment friendly. Thermocol for instance, is not good for the environment, especially when burned.

- **Promote environment friendly Lifestyle:** We need not join any organization or environmental group to promote the environment. On our own, we can do the same. Educate our friends and colleagues about how to protect the environment.

- **Environmental awareness:** It is better that we learn all the laws pertaining to environmental protection. Thus we can be the guard of our own environment.

***There is a saying that goes "No man is an island." It means we need one another to make our society and the environment a better place to live in. Together, we can change the world. Let us all have a more environment friendly lifestyle.***

# AFF DIARY

## ആശംസകൾ

- "Wedding: Eldo, son of Mrs Baby and Mr. Vinoy of Alunkal, Kureekkad married Jomy, daughter of Mrs. Maries Joseph and Mr. K.C.Joseph, Kollelil House, Vengola on 6th May, 2018. Their marriage was solemnized at Marthoman Cathedral, Mulanthuruthy, by our Patron, H.B.Mathews Mor Evanious Thirumeni. AFF wishes the young couple a long and happy married life. It may be noted that Mr. Eldo, a co-opted Member of EC, is the design-operator of our AFF web-site."
- Mrs.Sheeba Elias has taken charge as Head Mistress, St.Mary's High School, Kandanad. She thus joins the rare and coveted league of educational luminaries of our family.
- പ്രിൻസ് - മിനി ദമ്പതികൾക്ക് ഒരു ആൺകുഞ്ഞ് ജനിച്ചു. നവജാതശിശുവിന് ആയുരാരോഗ്യങ്ങൾ നേരുന്നു.
- **<u>10th Standard</u> (വിജയികൾ)**

  Maria Abraham - 92.4%    Nikhil Daniel Jacob - 90.1%

  Meghna Maria Jobsy - 89%    Hridya Suresh - 81%
- **<u>Plus Two</u> (വിജയികൾ)**

  Jerrin Haris - 88%    Mathew Abraham - 77%    Alan Shaji - 70%

- **<u>Membership fee & donations</u>**

**a. Towards printing of new Family Directory**

Elias Abraham - 4,000/-,    Sherin A.B - 4,000/-

Arun Paul A. - 3,000/-

**b. Membership fee:**

<u>Patron Membership:</u>

Dr.Suresh Mathew - 3,500/-,    Mr.Saji John - 4,000/-

<u>Life Membership:</u>

Mr.Saju John - 1,500/-

<u>Ordinary Membership :</u>

Prof.Joy Sleeba - 150/-,    Mr.Biju Roy - 150/-,

Mr.John T. Chacko - 300/-,    Mr.Shaji T. Chacko - 300/-

**c. Donations for the conduct of Annual Meet:**

Mr.A.A.Abraham-500/-, Prof.A.V.Paul-2,000/-, Mr.Avira Varghese-1,000/-,
Smt.Sanuba Kurian-500/-, Mr.Boban Mathew-500/-, Mr.James Thomas-500/-,
Adv.Abraham Peter-500/-, Mr.Ajay Alunkal-1,000/-, Mr.Vinoy Thomas-500/-,
Mr.Saju Peter-500/-, Dr.Sheela Peter-500/-, Smt.Molly Philip-1,000/-,
Smt.Santa George-1,000/-, Mr.Keerthi Kurians-500/-, Mr.C.A.Varghese 1000/-,
Mr.Elias Abraham 1,000/-, Mrs.Thankamma Kurian-2,000/-

**ഫെല്ലോഷിപ്പിന് സാമ്പത്തിക സഹായം നൽകിയ എല്ലാ അംഗങ്ങളോടും നന്ദി രേഖപ്പെടുത്തുന്നു.**

*---------*